# നിർമല മെഡിക്കൽ സെന്റർ
# നഴ്സിങ്ങ് കോളേജ് ഉദ്ഘാടനം ഒക്ടോബർ 15 ന്

**മൂവാറ്റുപുഴ**: നിർമല മെഡിക്കൽ സെന്ററിനോട് അനുബന്ധിച്ചുള്ള നഴ്സിങ്ങ് കോളേജിന്റെ ഉദ്ഘാടനം ഒക്ടോബർ 15 ശനിയാഴ്ച 12.30 ന് കോളേജ് ഓഡിറ്റോറിയത്തിൽ കേരള ആരോഗ്യ സർവകലാശാല ഉപചാൻസലർ കൂടിയായ **ബഹു. ആരോഗ്യ മന്ത്രി ശ്രീ. അടൂർ പ്രകാശ്** നിർവഹിക്കുന്നതാണ്. കോതമംഗലം രൂപത വികാരി ജനറാൾ മോൺ. തോമസ് മലേക്കുടി അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ നേഴ്സിങ്ങ് കോളേജിന്റെ പുതിയ വെബ്സൈറ്റായ www.nmcnursingcollege.ac.in മൂവാറ്റുപുഴ M.L.A ശ്രീ ജോസഫ് വാഴയ്ക്കൻ ഉദ്ഘാടനം ചെയ്യുന്നതാണ്. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ എൽദോസ് കുന്നപ്പള്ളി, മൂവാറ്റുപുഴ നഗരസഭ ചെയർമാൻ ശ്രീ യൂ.ആർ ബാബു, മുൻ M.L.A മാരായ ശ്രീ ബാബു പോൾ, ശ്രീ ജോണി നെല്ലൂർ, മൂവാറ്റുപുഴ ഹോളി മാഗി പള്ളി വികാരി ഫാ. ജോൺ ആനിക്കോട്ടിൽ, ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ പി.എൻ. സന്തോഷ്, വാർഡ് കൗൺസിലർ ശ്രീമതി ഷൈലജ പ്രഭാകരൻ, മുൻസിപ്പൽ പ്രതിപക്ഷ നേതാവ് ശ്രീ സലിം ഹാജി, പ്രസിഡന്റ് ശ്രീ സിദ്ദിഖ്, ശ്രീ അറയ്ക്കൽ ബഷീർ, ശ്രീ അബ്ദുൾ സലാം, അഡ്വ: രമേശ് ഇലവുങ്കൽ, മൂവാറ്റുപുഴ D.Y.S.P ശ്രീ. ടോമി സെബാസ്റ്റ്യൻ, ശ്രീ തോമസ് പാറയ്ക്കൽ, ശ്രീ ജോയി നടുക്കുടി, തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്ന ചടങ്ങിൽ വെച്ച് ഹോസ്പിറ്റൽ ഡയറക്ടർ സി. റിൻസി ആരോഗ്യ മന്ത്രിക്ക് ഉപഹാരം നൽകുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ നിർമല മെഡിക്കൽ സെന്റർ അഡ്മിനിസ്ട്രേറ്റർ സി. ജോവിയറ്റ് സ്വാഗതവും, കോളേജ് പ്രിൻസിപ്പൽ സി. മെർലി കൃതജ്ഞത രേഖപ്പെടുത്തുന്നതുമാണ്.

ഈ അധ്യയന വർഷം രണ്ട് കോഴ്സുകളാണ് ഈ കോളേജിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. പ്ലസ്ടു പാസ്സായ വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള നാലു വർഷത്തെ കോഴ്സായ ബി.എസ്.സി. നേഴ്സിങ്ങിന് 50 സീറ്റും ജനറൽ നേഴ്സിങ്ങ് പാസ്സായ വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിങ്ങിന് 30 സീറ്റുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയായി അധ്യയനം തുടങ്ങിയിട്ടുണ്ടെന്ന് കോളേജ് പ്രിൻസിപ്പൽ സി. മെർലി അറിയിച്ചു.. കോളേജിനു വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണിയും ഹോസ്റ്റൽ കെട്ടിടത്തിന്റെ പണിയും ദ്രുതഗതിയിൽ പുരോഗമിക്കുന്നുവെന്ന് അഡ്മിനിസ്ട്രേറ്റർ സി. ജോവിയറ്റ് അറിയിച്ചു.